# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 22.01.2025**

### പ്രധാനവാർത്തകൾ

RNU TVPM

1) യുവതലമുറ രാഷ്ട്രസേവനങ്ങളിൽ നിന്ന് മാറി നിൽക്കരുതെന്നും, ജീവിതമൂല്യങ്ങളാണ് യഥാർത്ഥ സമ്പത്തെന്നും രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ്. മാവേലിക്കര സൈനിക് സ്കൂളും, ആറന്മുളയിലെ സുഗതോത്സവം സമാപന സമ്മേളനവും കേന്ദ്രമന്ത്രി ഉദ്ഘാടനം ചെയ്തു.

2) ബ്രൂവറി വിഷയത്തിൽ സംസ്ഥാന സർക്കാരിനെതിരെ നിലപാടുയർത്തി പ്രതിപക്ഷം. പിപിഇ കിറ്റ് സംബന്ധിച്ച സിഎജി പരാമർശത്തിലും രൂക്ഷവിമർശനം.

3) പാലക്കാട് ആനക്കര ഹയർസെക്കൻഡറി സ്കൂളിൽ വിദ്യാർത്ഥിയുടെ മൊബൈൽ ഫോൺ പിടിച്ചെടുത്തതുമായി ബന്ധപ്പെട്ടുണ്ടായ സംഭവങ്ങളിൽ റിപ്പോർട്ട് ആവശ്യപ്പെട്ട് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി.

4) സംസ്ഥാനത്തെ ഒരു വിഭാഗം സർക്കാർ ജീവനക്കാരും അധ്യാപകരും ആഹ്വാനം ചെയ്ത സൂചനാ പണിമുടക്ക് ഭാഗികം.

5) ഇന്ത്യ-ഇംഗ്ലണ്ട് ട്വൻറി-20 ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം.- ISL ഫുട്ബോളിൽ ഇന്ന്, ബെംഗളൂരു FC - ഒഡീഷയെ നേരിടും.

6) സംസ്ഥാനത്ത് സ്വർണ്ണവില സർവകാല റെക്കോർഡിൽ.

*******************

## രാജ്യരക്ഷാമന്ത്രി (ഇൻട്രോ)

യുവതലമുറ രാഷ്ട്രസേവനങ്ങളിൽ നിന്ന് മാറി നിൽക്കരുതെന്നും, ജീവിതമൂല്യങ്ങളാണ് യഥാർത്ഥ സമ്പത്തെന്നും രാജ്യരക്ഷാമന്ത്രി രാജ് നാഥ് സിങ്ങ്. മാവേലിക്കരയിൽ വിദ്യാധിരാജ വിദ്യാപീഠം സൈനിക് സ്കൂളിൻറെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. അച്ചടക്കവും ആത്മ സമർപ്പണവും സാമൂഹ്യ സേവനവുമാണ് സൈനികൻറെ ജീവിതമെന്നും രാജ്യരക്ഷാ മന്ത്രി വ്യക്തമാക്കി. വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ യുവജനങ്ങൾക്കുള്ള പ്രാധാന്യത്തെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു.

(വോയിസ്....)

ആറന്മുളയിൽ കവയിത്രി സുഗതകുമാരിയുടെ നവതി ആഘോഷങ്ങളുടെ സമാപന സമ്മേളനവും രാജ്യരക്ഷാ മന്ത്രി ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി പ്രശ്നങ്ങളും കാലാവസ്ഥാ വ്യതിയാനവും പ്രതിരോധിക്കുന്നതിൽ സുഗത കുമാരി പകർന്നു തന്ന ആശയങ്ങൾ വളരെ പ്രസക്തമാണെന്ന് ശ്രീ രാജ്നാഥ് സിംഗ് പറഞ്ഞു. മനുഷ്യരാശിയുടെ നന്മക്കും പരിസ്ഥിതിക്കും വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച വ്യക്തിത്വമായിരുന്നു സുഗത കുമാരിയെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. രണ്ട് ദിവസത്തെ സന്ദർശനത്തിനായി കേരളത്തിലെത്തിയ കേന്ദ്രമന്ത്രി നാളെ രാവിലെ കൊച്ചിയിൽ നിന്നും വാരാണസിയിലേക്ക് മടങ്ങും.

RNU TVPM

*******************

## നിയമസഭ

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ശമ്പള പരിഷ്കരണ കുടിശികയും, മറ്റ് ആനുകൂല്യങ്ങളും സമയബന്ധിതമായ വിതരണം ചെയ്യാത്തതിനെതിരെ നിയമസഭയിൽ പ്രതിപക്ഷ പ്രതിഷേധം. വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷത്തു നിന്നും പി.സി വിഷ്ണുനാഥ് ആണ് ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. സർക്കാർ ജീവനക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ സർക്കാർ നിഷേധിക്കുന്നതായും 65,000- കോടി രൂപയുടെ ആനുകൂല്യങ്ങൾ തടഞ്ഞുവച്ചിരിക്കുന്നതായും പ്രതിപക്ഷം ചൂണ്ടിക്കാട്ടി. എന്നാൽ സാമ്പത്തിക ഞെരുക്കൾക്കിടയിലും ജീവനക്കാരുടെ ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിൽ പ്രതിജ്ഞാബദ്ധമായ നിലപാടാണ് സർക്കാർ സ്വീകരിച്ചതെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ മറുപടി നൽകി. മന്ത്രിയുടെ മറുപടിയെ തുടർന്ന് ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിക്കുകയായിരുന്നു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങി പോയി. ഗവർണറുടെ നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ചകളും നിയമസഭയിൽ ഇന്ന് നടന്നു. രമേശ് ചെന്നിത്തല, മാത്യു ടി തോമസ്, എൻ കെ അക്ബർ, നജീബ് കാന്തപുരം ഉൾപ്പെടെയുള്ള അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു. 13 സബ്മിഷനുകളും ഇന്ന് സഭയുടെ പരിഗണനയിൽ വന്നു.

*******************

PNU TVPM

## മദ്യ അഴിമതി - പ്രതിപക്ഷം

പാലക്കാട് മദ്യനിർമ്മാണ ശാലയ്ക്ക് അനുമതി നൽകിയതുമായി ബന്ധപ്പെട്ട് സർക്കാരിനെതിരെ രൂക്ഷവിമർശവുമായി പ്രതിപക്ഷം. ആരോപണത്തിൽ മുഖ്യമന്ത്രി മൗനം പാലിക്കുകയാണെന്നും, ഒരു മാനദണ്ഡവും പാലിക്കാതെയാണ് ഒയാസിസ് എന്ന കമ്പനിക്ക് അനുമതി നൽകിയതെന്നും പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ വിമർശിച്ചു. പഞ്ചായത്തോ, ജല അതോറിറ്റിയോ അറിയാതെയാണ് മന്ത്രിസഭായോഗം മദ്യനിർമാണ ശാലയ്ക്ക് അനുമതി നൽകിയതെന്ന് മുൻ പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല ആരോപിച്ചു. നിയമസഭാ മീഡിയാ റൂമിൽ സംയുക്ത വാർത്താസമ്മേളനം നടത്തുകയായിരുന്നു പ്രതിപക്ഷനേതാക്കൾ. ബ്രൂവറി വിഷയം ശ്രീ രമേശ് ചെന്നിത്തല ഇന്ന് നിയമസഭയിലും ഉന്നയിച്ചു.

*******************

## പി.പി.ഇ കിറ്റ്

കൊവിഡ് സമയത്ത് പിപിഇ കിറ്റ് വാങ്ങിയതിൽ ക്രമക്കേടുണ്ടെന്ന പ്രതിപക്ഷ ആരോപണങ്ങൾ ശരിവയ്ക്കുന്നതാണ് സി.എ.ജി റിപ്പോർട്ടെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. സംസ്ഥാനത്തെ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. എന്നാൽ പി.പി.ഇ കിറ്റ് വാങ്ങിയതിൽ ഒരു അപാകതയും ഇല്ലെന്നും, ഗുണമേന്മ കൂടി കണക്കിലെടുത്താണ് ഇത് വാങ്ങിയതെന്നും മുൻ ധനമന്ത്രി ടി എം തോമസ് ഐസക്ക് മാധ്യമങ്ങളോട് പറഞ്ഞു. പിപിഇ കിറ്റ് ഇടപാട് സിബിഐ അന്വേഷിക്കണമെന്ന് മുൻ കേന്ദ്രമന്ത്രി വി.മുരളീധരൻ ആവശ്യപ്പെട്ടു.

*******************

RNU TVPM

## പണിമുടക്ക്

സംസ്ഥാനത്തെ ഒരു വിഭാഗം സർക്കാർ ജീവനക്കാരും അധ്യാപകരും ആഹ്വാനം ചെയ്ത സൂചനാ പണിമുടക്ക് ഭാഗികം. സിപിഐ അനുകൂല സംഘടനയായ ജോയിൻറ് കൗൺസിലിലെയും കോൺഗ്രസ് അനുകൂല സംഘടനയിലെയും ജീവനക്കാരാണ് പണിമുടക്ക് നടത്തിയത്. സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ പകുതിയിൽ താഴെ ജീവനക്കാർ മാത്രമാണ് ഹാജരായത്. സെക്രട്ടേറിയറ്റിൽ 70 ശതമാനം ജീവനക്കാരെത്തി. ശമ്പള കമ്മിഷൻ പ്രഖ്യാപിക്കുക, പങ്കാളിത്ത പെൻഷൻ പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു പണിമുടക്ക്. കൊല്ലത്തും ആലപ്പുഴയിലും കോട്ടയത്തും സമരക്കാരും പൊലീസും തമ്മിൽ വാക്കുതർക്കം ഉണ്ടായി.

PIU TVPM

******************

## വിദ്യാർത്ഥി- ശിവൻകുട്ടി

പാലക്കാട് ആനക്കര ഹയർസെക്കൻഡറി സ്കൂളിൽ വിദ്യാർത്ഥിയുടെ മൊബൈൽ ഫോൺ പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ റിപ്പോർട്ട് നൽകാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് മന്ത്രി വി ശിവൻകുട്ടി നിർദ്ദേശം നൽകി. ഇതുമായി ബന്ധപ്പെട്ട വീഡിയോ മാധ്യമങ്ങളിലും, സോഷ്യൽ മീഡിയയിലും പ്രചരിച്ച സാഹചര്യത്തിലാണ് മന്ത്രിയുടെ നിർദ്ദേശം. മൊബൈൽ ഫോൺ പിടിച്ചുവച്ചതിന് വിദ്യാർത്ഥി അധ്യാപകനെതിരെ കയർത്തു സംസാരിക്കുന്ന ദൃശ്യങ്ങളാണ് പ്രചരിച്ചത്. സംസ്ഥാന ബാലാവകാശ കമ്മീഷനും വിഷയം പരിശോധിക്കുന്നുണ്ട്.

******************

## ക്യാബിനറ്റ്

2025-26 വിപണന സീസണിൽ അസംസ്കൃത ചണത്തിൻ്റെ കുറഞ്ഞ താങ്ങുവില വർദ്ധിപ്പിക്കാൻ കേന്ദ്ര മന്ത്രിസഭാ തീരുമാനം. മുൻവർഷത്തേക്കാൾ 315 രൂപ വർദ്ധിച്ച്, ക്വിൻറലിന് അയ്യായിരത്തി 650 രൂപ താങ്ങുവില നൽകാനാണ് തീരുമാനമെന്ന് മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ട് കേന്ദ്രമന്ത്രി പീയുഷ് ഗോയൽ പറഞ്ഞു. ദേശീയ ആരോഗ്യ ദൗത്യത്തിന് കീഴിൽ രാജ്യം കൈവരിച്ച പുരോഗതിയും കേന്ദ്രമന്ത്രിസഭാ യോഗം അവലോകനം ചെയ്തു. ദൗത്യം മുൻ നിശ്ചയപ്രകാരം രണ്ട് വർഷത്തേക്ക് കൂടി തുടരാനാണ് തീരുമാനമെന്നും മന്ത്രി പറഞ്ഞു.

******************

## വി.പി തേജക്ക് രക്ഷാ മന്ത്രി പദക്

മുണ്ടക്കൈ-ചൂരൽമല ഉരുൾ ദുരന്തത്തിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ നിസ്വാർത്ഥ സേവനം ചെയ്ത കേരള ബറ്റാലിയൻ അഞ്ച് എൻ.സി.സി അണ്ടർ ഓഫീസർ വി.പി തേജയ്ക്ക് രക്ഷാ മന്ത്രി പദക്. റിപ്പബ്ലിക് ദിനത്തിന് മുന്നോടിയായി ഡൽഹിയിൽ നടന്ന പരിപാടിയിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ് പുരസ്കാരം സമ്മാനിച്ചു. എൻസിസി കേഡറ്റുകൾക്ക് നൽകുന്ന പരമോന്നത ബഹുമതിയാണ് രക്ഷാ മന്ത്രി പദക്. കൽപ്പറ്റ എൻ.എം.എസ്.എം ഗവ കോളേജിലെ മൂന്നാം വർഷ ബിരുദ വിദ്യാർത്ഥിനിയാണ് തേജ.

******************

RNU TVPM

## വയനാട് സഹകരണ ബാങ്ക് നിയമന തട്ടിപ്പ്

വയനാട്ടിലെ വിവിധ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ നിയമനത്തിൽ സാമ്പത്തിക അഴിമതി നടന്നതായുള്ള ആരോപണങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്താൻ സംസ്ഥാന സർക്കാർ ഉത്തരവായി. കേരള സഹകരണ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പ് അനുസരിച്ചായിരിക്കും പരിശോധന നടത്തുക. ബത്തേരിയിലും, പൂതാടിയിലും, മടക്കിമലയിലുമായി പ്രവർത്തിക്കുന്ന അഞ്ച് സഹകരണ ബാങ്കുകളിലെ നിയമനം സംബന്ധിച്ചാണ് അഴിമതി ആരോപണം.

*******************

## ആമയഴഞ്ചാൻ തോട് - റോഷി അഗസ്റ്റിൻ (ഇൻട്രോ)

തിരുവനന്തപുരം ആമയഴഞ്ചാൻ തോടിൻറെ റെയിൽവേ ടണൽ വൃത്തിയാക്കുന്ന പ്രവർത്തനങ്ങൾ മന്ത്രി റോഷി അഗസ്റ്റിൻ നേരിൽക്കണ്ട് വിലയിരുത്തി. ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി റെജു കോലിയക്കോട്.

(വോയ്സ്)

*******************

## കോഴിക്കോട് -കൊലപാതകം

കോഴിക്കോട് താമരശ്ശേരിയിൽ മാതാവിനെ കൊലപ്പെടുത്തിയ കേസിൽ ജുഡിഷ്യൽ കസ്റ്റഡിയിലുള്ള പ്രതി ആഷിഖിനെ മാനസികാരോഗ്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

RNU TVPM

മാനസിക അസ്വസ്ഥതകൾ ഇയാൾ പ്രകടമാക്കിയതിനെ തുടർന്നാണ് നടപടി.

******************

## ടെലിവിഷൻ അവാർഡ്

2023 ലെ സംസ്ഥാന ടെലിവിഷൻ അവാർഡുകൾ സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ പ്രഖ്യാപിച്ചു. അമൃത ടിവിയിൽ സംപ്രേഷണം ചെയ്ത ആൺപിറന്നോൾ ആണ് മികച്ച ടെലി സീരിയൽ.

******************

## ഇന്ത്യ-ഇംഗ്ലണ്ട് ട്വന്റി-20 ക്രിക്കറ്റ്

ഇന്ത്യ-ഇംഗ്ലണ്ട് ട്വന്റി-20 ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിലെ ആദ്യമത്സരം കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ രാത്രി 7 മണിക്ക് നടക്കും.

RNU TVPM

******************

## ISL ഫുട്ബോൾ

ISL ഫുട്ബോളിൽ ഇന്ന്, ബെംഗളൂരു FC - ഒഡീഷയെ നേരിടും. രാത്രി 07:30 ന് ബെംഗളൂരു സ്റ്റേഡിയത്തിലാണ് മത്സരം.

******************

## ഓഹരി -സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 566 പോയിൻറ് നേട്ടത്തിൽ 76,404 ലും, നിഫ്റ്റി 130 പോയിൻറ് ഉയർന്ന് 23,155 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ്ണവില സർവകാല റെക്കോർഡിൽ. ഗ്രാമിന് 75 രൂപ കൂടി 7,525 രൂപയും, പവന് 600 രൂപ വർദ്ധിച്ച് 60,200 രൂപയുമാണ് ഇന്നത്തെ വില.

******************

***********

****

RNC TVPM